## SUCCESS STORY

### ANILKUMAR CLEARING HEIGHTS

Anilkumar was a member of the first batch of 'Friends of coconut tree', training programme funded by CDB and organized by KVK during 17-22 August 2011. Frustrated by the non availability of skilled labourers for harvesting the coconut palms in his own homestead, he decided to learn the skill himself. After acquiring the skill and confidence through the 6 days residential training, he started the job in his homestead and nearby areas. Coconut farmers of his village encouraged him by entrusting the work to him. He harvested the coconut palm and adopted the plant protection measures to the satisfaction of his clients.

He works as a technician in Lakeshore Hospital, Ernakulam and usually attends duty in the afternoon schedule. After attending the training, he started utilizing the morning hours (6.30 am to 12.00 noon) in working days and full time in holidays, as a friend of coconut. In addition to the harvesting operations which alone is done by the traditional climbers, he undertakes plant protection measures for which people are ready to pay more as per his experience. He charges for the work on par with the traditional workers' remuneration only. Thus his monthly income from the new job ranges from Rs. 15000 – 18000/- which is more than his regular income from the hospital. Following the guidelines provided to the friends of coconut during the training , he keeps the record of the details of work, remuneration etc. in the format. It is helpful to maintain a rapport with beneficiaries and remind them about the harvesting or any crop management practices. Since he is punctual in his work and working for a nominal payment, the new coconut friend is full time engaged. Even in this tight schedule, he tries to have a good relationship with beneficiaries like a business man to his customers, and hence popular in his surrounding areas in Panavally village, Cherthala and Ernakulam.

He proves that 'if there is a will, there is a way' which can be a model to other unemployed youths. From Anil's experience, it is ensured that in agricultural field an entrepreneur can perform well with a good income and identity.

## വിജയഗാഥ

### ഉയരങ്ങൾ കീഴടക്കുന്ന അനിൽ

നാളികേര വികസന ബോർഡിന്റെ ധനസഹായത്തോടെ കൃഷി വിജ്ഞാന കേന്ദ്രം നടത്തിയ "തെങ്ങിന്റെ ചങ്ങാതിക്കൂട്ടം" എന്ന തൊഴിലധിഷ്ഠിത പരിശീലനത്തിന്റെ ആദ്യ ബാച്ചിലുണ്ടായിരുന്നു ചേർത്തല പാണാവള്ളിയിൽ നിന്നുള്ള അനിൽകുമാർ.



സ്വന്തം വീട്ടിൽ തേങ്ങയിടാൻ ആളെ കിട്ടാതെ വന്നപ്പോഴാണ് പരിശീലനത്തിൽ പങ്കെടുക്കാൻ തീരുമാനിച്ചത്. പരിശീലനം കഴിഞ്ഞ ശേഷം സ്വന്തം വീട്ടിലെയും അടുത്തടുത്ത വീടുകളിലെയും തേങ്ങയിട്ടു തുടങ്ങിയപ്പോൾ തന്നെ ജനങ്ങൾ അനിലിനെ കേട്ടറിഞ്ഞ് ബുക്ക് ചെയ്തു തുടങ്ങി. തേങ്ങയിടുന്നത് കൂടാതെ മണ്ട വൃത്തിയാക്കിയും മരുന്നുകൾ പ്രയോഗിച്ചും ചങ്ങാതിക്കൂട്ടത്തിന്റെ പ്രത്യേകത നിലനിർത്താൻ അനിൽ മറന്നില്ല.

എറണാകുളം ലേക് ഷോർ ആശുപത്രിയിൽ ടെക്നീഷ്യനായ അനിൽ രാവിലെ 6.30 മുതൽ 12 മണി വരെയുള്ള തേങ്ങയിടലിന് ശേഷമാണ് ഡ്യൂട്ടിക്കെത്തുന്നത്. സാധാരണ ദിവസങ്ങളിൽ ഭാഗികമായും ഒഴിവ് ദിവസങ്ങളിൽ മുഴുവനായും അനിൽ തെങ്ങിന്റെ ചങ്ങാതിയാണ്. അതാത് സ്ഥലങ്ങളിലെ കൂലിവാങ്ങി തേങ്ങയിടുമ്പോൾ മണ്ട വൃത്തിയാക്കി മരുന്നുകൾ പ്രയോഗിക്കുന്നതിന് കൂടുതൽ തുക നൽകാൻ ജനങ്ങൾ തയ്യാറാണെന്ന് അനിൽ പറയുന്നു. തന്റെ കസ്റ്റമേഴ്സിന്റെ മുഴുവൻ വിവരങ്ങളും, കൈപ്പറ്റിയ വേതനവും കൃത്യമായി രേഖപ്പെടുത്തുന്ന ചങ്ങാതിക്കൂട്ടത്തിന്റെ രീതിയും അനിൽ നിലനിർത്തുന്നു. അടുത്ത തേങ്ങയിടുന്ന സമയമായാൽ കസ്റ്റമേഴ്സിനെ ഫോണിൽ വിളിച്ചോർമ്മിപ്പിക്കാനും അവരുടെ സൗകര്യാർത്ഥം സേവനം ചെയ്യാനും ഈ രീതി നല്ലതാണെന്ന് തന്റെ അനുഭവത്തിൽ തെളിഞ്ഞതായി അനിൽ പറയുന്നു. ജോലിയിൽ സമയനിഷ്ഠതയും കൃത്യമായ വേതനവുമുള്ള "ചങ്ങാതിക്ക്" കസ്റ്റമേഴ്സിന്റെ ഫോണിന് മറുപടി നൽകാൻ ഭാര്യയുടെ സഹായവും ലഭിക്കുന്നു. ഉപഭോക്താക്കളുടെ ബാഹുല്യം കാരണം ആരെയും മടുപ്പിക്കാതെ സേവനം ലഭ്യമാക്കാൻ ശ്രമിക്കുന്ന അനിലിന്റെ പ്രശസ്തി തന്റെ പരിസരങ്ങളിൽ മാത്രമല്ല ചേർത്തലയിലും, എറണാകുളത്തും വ്യാപിച്ചു കഴിഞ്ഞു.

ജോലി ചെയ്യാൻ മനസ്സുണ്ടെങ്കിൽ ഏത് ജോലിയും ചെയ്യാമെന്ന് തെളിയിക്കുന്ന അനിൽ, നമ്മുടെ നാട്ടിലെ തൊഴിൽ രഹിതരായ ചെറുപ്പക്കാർക്ക് മാതൃകയാണ്. കാർഷിക മേഖലയിൽ മാന്യമായ വേതനത്തോടെ തൊഴിൽ ചെയ്യാമെന്ന് അനിലിന്റെ അനുഭവത്തിൽ നിന്നും മനസ്സിലാക്കാം (ഫോൺ : 9048214113).

പരിശീലനം കഴിഞ്ഞ് തൊഴിലായി സ്വീകരിച്ചവരുടെ വിശദ വിവരങ്ങൾ www.coconutboard.gov.in ൽ ലഭ്യമാണ്.